## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *138** | **02.07.2015-ൽ മറുപടിക്ക്**

## അർബൻ 2020

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി. എൻ. പ്രതാപൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി.<br>ശ്രീ. പി.എ. മാധവൻ. | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും) വകുപ്പു മന്ത്രി) |
| (എ) അർബൻ 2020 പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) അർബൻ 2020 എന്ന പദ്ധതിക്ക് 2014 ഒക്ടോബർ 15-ാം തീയതി തുടക്കം കുറിച്ചിട്ടുണ്ട്. നഗരവികസനവുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായം നഗരസഭകൾക്ക് ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടാണ് പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുള്ളത്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് അർബൻ 2020 പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. സ്വന്തം നിലയിൽ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ നൂതനമായ സാങ്കേതിക പരിജ്ഞാനവും, തനത്ഫണ്ടും ലഭ്യമല്ലാത്ത നഗരസഭകൾക്ക് ഉയർന്ന സാങ്കേതിക വൈദഗ്ദ്ധ്യമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി. ആറുകൾ) കാലേകൂട്ടി തയ്യാറാക്കാനും, പ്രസ്തുത ഡി.പി. ആറുകൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാരും മറ്റ് ഫണ്ടിങ് ഏജൻസികളും നൽകി വരുന്ന ഗ്രാന്റു |

കൾ നേടിയെടുക്കുന്നതിനും നഗരസഭ കളെ സഹായിക്കുകയുമാണ് ഈ പദ്ധ തിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) നഗരങ്ങളുടെ മുഖച്ഛായ മാറ്റാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, അർബൻ ട്രാൻസ്പോർട്ട്, റോഡ്സ് ആന്റ് ബ്രിഡ്ജസ്, അർബൻ റിന്യൂവൽ (ഹെറി റ്റേജ്, മാർക്കറ്റ്, ആർകിടെക്ച്ചറൽ വർക്സ്) എന്നീ നാല് മേഖലകളിൽ ദീർഘകാല അടിസ്ഥാന സൗകര്യ വിക സനം ലക്ഷ്യമാക്കിയുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യ മായ പ്രവർത്തനങ്ങളാണ് അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ത്.

(ഡി) പദ്ധതിയുടെ നിർവ്വഹണത്തിനായി ഭരണത ലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരു ക്കിയിട്ടുണ്ട്; വിശദമാക്കുമോ?

(ഡി) പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായി കെ.എസ്.യു.ഡി.പി യെയും, ഡി.പി.ആറുകൾ തയ്യാറാക്കുന്ന കൺസൾട്ടൻസി സ്ഥാപനങ്ങളുടെ തിര ഞ്ഞെടുപ്പിനും ഡി.പി.ആറുകൾക്ക് അന്തിമ അംഗീകാരം നൽകുന്നതിനു മായി തദ്ദേശ സ്വയംഭരണ (നഗര കാര്യ) വകുപ്പ് സെക്രട്ടറി ചെയർമാ നായി ഒരു സംസ്ഥാനതല സെലക്ഷൻ കമ്മിറ്റിയെയും ചുമതലപ്പെടുത്തിയിട്ടു ണ്ട്. പ്രസ്തുത സെലക്ഷൻ കമ്മിറ്റി തിര ഞ്ഞെടുത്ത 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ ഇതിനകം എംപാനൽ ചെയ്തിട്ടുണ്ട്. ഈ കൺസൾട്ടിംഗ് ഏജൻസികൾ മുഖേന നഗരസഭകൾ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾ വിലയിരുത്തുന്നതിന് നാല് ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റികളും രൂപീകരിച്ചിട്ടു ണ്ട്.

സെക്ഷൻ ഓഫീസർ